**കേരള സർക്കാർ**

നം. 30394/ഡി.എ1/2009/തസ്വഭവ **തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

തിരുവനന്തപുരം, തീയതി:27 -05-2009

**സർക്കുലർ**

വിഷയം:- പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം - 2009-10 വാർഷിക പദ്ധതി ഒന്നാംഘട്ടം - അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി - സംബന്ധിച്ച്

സൂചന:- 1) 21.04.2009 -ലെ (എം.എസ്) 58/2009/തസ്വഭവ നമ്പർ ഉത്തരവ്
2) 02.05.2009-ലെ 26244/ഡി.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ

തദ്ദേശഭരണ സ്ഥാപനങ്ങൾ 2009-10 വാർഷിക പദ്ധതിയും പ്രോജക്ടുകളും രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ചില പ്രത്യേക മേഖലകളിലെ/ വിഭാഗങ്ങളിലെ പ്രോജക്ടുകൾ മാത്രവും രണ്ടാം ഘട്ടത്തിൽ പൂർണ്ണ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാംഘട്ട പ്രോജക്ടുകൾ 2009 മേയ് 16-നകം സമർപ്പിക്കണമെന്നും ജില്ലാ ആസൂത്രണ സമിതികൾ 2009 മേയ് 20-നകം അംഗീകാരം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ നിശ്ചിത തീയതിക്കകം ഒന്നാംഘട്ട പ്രോജക്ടുകൾ തയ്യാറാക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമയം ദീർഘിപ്പിക്കണമെന്നും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2009-10 വാർഷിക പദ്ധതിയിലെ ഒന്നാംഘട്ട പ്രോജക്ടുകൾ ഇതുവരെയും തയ്യാറാക്കി സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ആ ഘട്ടത്തിലെ പ്രോജക്ടുകൾ പ്രത്യേകം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ 2009 മേയ് 30-നകം ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കേണ്ടതാണ്. 2009 മേയ് 30-നകം സമർപ്പിക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം നടപടി ഉത്തരവ് നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ അംഗീകാര നടപടികളും 2009 ജൂൺ 5-നകം പൂർത്തിയാക്കണം 2009 മേയ് 30-നകം ഒന്നാംഘട്ട പ്രോജക്ടുകൾ സമർപ്പിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകൾ കൂടി രണ്ടാംഘട്ട പ്രോജക്ടുകളോടൊപ്പം, ആ ഘട്ടത്തിന് നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ഗ്രാമവികസന കമ്മീഷണർ
12 നഗരകാര്യ ഡയറക്ടർ
13 മുഖ്യ നഗരാസൂത്രകൻ
14 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
20 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
27 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
30 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
31 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ